കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 8 | ജൂലായ് 30, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

അകത്താളുകളിൽ

2 ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണോദ്ഘാടനം ഗവർണർ നിർവഹിച്ചു

3 നഗരപ്രദേശങ്ങളിലെ വിഷരഹിത കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകും കൃഷിമന്ത്രി

7 "എല്ലാ വീട്ടിലും ഒരു പോഷകത്തോട്ടം" 'പദ്ധതിയ്ക്ക് തുടക്കമായി

# നഗര വഴിയോര കാർഷിക വിപണിയിലൂടെ കർഷകർക്ക് ന്യായവില ലഭിക്കും

## മന്ത്രി പി. പ്രസാദ്

കർഷകരുടെ ഓരോ ഉൽപ്പന്നങ്ങൾക്കും അവർ നിശ്ചയിക്കുന്ന ന്യായമായ വില ലഭിക്കാൻ നഗര വഴിയോര കാർഷിക വിപണി സഹായകമാകുമെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ചേർത്തല നഗരസഭാ പരിധിയിൽ ആരംഭിച്ച നഗര വഴിയോര കാർഷിക വിപണിയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്ന മന്ത്രി.

കൃഷിക്കാരന് അവരുടെ ഉൽപ്പന്നങ്ങൾ നഗര വഴിയോര കാർഷിക






ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

കേന്ദ്രത്തിലൂടെ നേരിട്ട് വിൽക്കാൻ സാധിക്കും. ഇടനിലക്കാർ ഇല്ലാതെ അവർ തന്നെ നിശ്ചയിക്കുന്ന വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കാനും ന്യായമായ വില വാങ്ങുവാനും ഇതുവഴി സാധിക്കുമെന്നും മന്ത്രി പറഞ്ഞു. ആലപ്പുഴ ജില്ലയിൽ ആറ് നഗര വഴിയോര വിപണന കേന്ദ്രങ്ങളാണ് ആരംഭിക്കുന്നത്. നഗരസഭകൾ കേന്ദ്രീകരിച്ചാകും വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുക. ചേർത്തല നഗരസഭയിൽ രണ്ട് വിപണന കേന്ദ്രങ്ങൾ ഉണ്ടാകും. കായംകുളം, ചെങ്ങന്നൂർ, ആലപ്പുഴ നഗരസഭകളിലും വിപണനകേന്ദ്രങ്ങൾ ഉടൻ ആരംഭിക്കും. കർഷകർക്ക് ന്യായവില ലഭിക്കുന്നതോടൊപ്പം ഉൽപ്പന്നങ്ങൾ വേഗത്തിൽ വിറ്റഴിക്കാൻ ഇത്തരം വിപണനകേന്ദ്രങ്ങൾ സഹായകമാകും. റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ആഴ്ചയിലൊരു ദിവസമാണ് നഗര വഴിയോര വിപണനകേന്ദ്രങ്ങൾ പ്രവർത്തിക്കുക. കർഷകനായ നിഷാദിന്റെ മാരാരി ഫ്രഷ് എന്ന ഓൺലൈൻ വിപണിയുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

ചടങ്ങിൽ ചേർത്തല നഗരസഭ അധ്യക്ഷ ഷേർളി ഭാർഗവൻ അധ്യക്ഷത വഹിച്ചു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. ജി മോഹനൻ, നഗരസഭ വൈസ് ചെയർമാൻ ടി. എസ് അജയകുമാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ കെ. ജെ. മേഴ്സി, പ്രിൻസിപ്പൽ കൃഷി ഓഫീസർ ആർ. ശ്രീരേഖ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ടി. സി. ഷീന, സിന്ധു കെ തുടങ്ങിയവർ പങ്കെടുത്തു.

# തിരുവാതിര ഞാറ്റുവേല

## കേരള കാർഷിക സർവ്വകലാശാലയ്ക്കൊപ്പം




കേരള കാർഷിക സർവ്വകലാശാല സംഘടിപ്പിച്ച 'തിരുവാതിര ഞാറ്റുവേല കേരള കാർഷിക സർവ്വകലാശാലയ്ക്കൊപ്പം' എന്ന വിജ്ഞാന വ്യാപന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി.പ്രസാദ് നിർവ്വഹിച്ചു. മുഹമ്മ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.ടി.റെജി അദ്ധ്യക്ഷത വഹിച്ചു. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ആർ. ചന്ദ്രബാബു മുഖ്യപ്രഭാഷണം നടത്തി. കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ.സക്കീർ ഹുസൈൻ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് മെമ്പർ




വി.ഉത്തമൻ, ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിചെയർപേഴ്സൺ സിന്ധു രാജീവ്, കേരള കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റെൻഷൻ ഡോ. ജിജു.പി. അലക്സ് എന്നിവർ പങ്കെടുത്തു.

# മലപ്പുറത്ത് പാൽപ്പൊടി നിർമാണ ഫക്ടറി ഒരു വർഷത്തിനകം പൂർത്തിയാകും - മന്ത്രി ചിഞ്ചുറാണി

ക്ഷീര കർഷകരുടെ ഏറെ കാലത്തെ ആവശ്യമയ പാൽപ്പൊടിഫക്ടറിയുടെ നിർമാണം ഒരു വർഷത്തിനകം പൂർത്തിയാക്കി പ്രവർത്തന ക്ഷമമാകുമെന്ന്മന്ത്രി ചിഞ്ചുറാണി പറഞ്ഞു. മിൽമയുടെ കോഴിക്കോട് ഉള്ള എം.ഡി. ആർ.എഫ് ഓഡിറ്റോറിയത്തിൽ വച്ച് ജൂലായ് 16ന് മിൽമയുടെ ടോൾ ഫ്രീ കസ്റ്റ്മർ കെയർ സർവിസിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു.മന്ത്രി. ഒന്നു രണ്ട് വർഷത്തിനകം കേരളം പാൽ ഉദ്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കും എന്നും മന്ത്രി അഭിപ്രയപ്പെട്ടു. മിൽമ മലബാർ യുണിയൻ ചെയർമാൻ കെ.എസ്. മണി അധ്യക്ഷത വഹിച്ചു.

വിവിധ കർഷക ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി രൂപികരിച്ച മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷന്റെ(എം.ഡി.ആർ. എഫ്) 2021-22 വർഷത്തെ വാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി കർഷകർക്കും അവരുടെ ആശ്രിതർക്കും ഉള്ള ചികിൽസ ധനസഹായത്തിന്റെ വിതരണം ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ നിർവഹിച്ചു.







# അട്ടപ്പാടിയിൽ മൃഗസംരക്ഷണ ചെക്ക് പോസ്റ്റ് ഓഫീസ് തുറന്നു

കേരള തമിഴ്നാട് അതിർത്തിയായ മടത്തുകാട്ടിൽ നിർമ്മിച്ച മൃഗ സംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റ് ഓഫീസ് കെട്ടിടം ഓൺലൈനിൽ മന്ത്രി ജെ. ചിഞ്ചുറാണി 23 ന് ഉദ്ഘാടനം ചെയ്തു. അഗളി ഇഎംഎസ് ടൗൺഹാളിൽ നടന്ന ചടങ്ങിൽ എൻ ഷംസുദ്ദീൻ എംഎൽഎ അധ്യക്ഷനായി. ചെക്ക് പോസ്റ്റിന്റെ പ്രീഫാബ്രിക്കേറ്റഡ് ഓഫീസ് കെട്ടിടമാണ് വെള്ളിയാഴ്ച തുറന്നത്. തമിഴ്നാട്ടിൽനിന്നും അതിർത്തി കടന്നു കൊണ്ടുവരുന്ന പക്ഷിമൃഗാദികൾ ചെക്ക് പോസ്റ്റിലൂടെ കടന്നുപോകുമ്പോൾ കൃത്യമായ നിരീ




ക്ഷണം സാധ്യമാകയും കുളമ്പുരോഗം, പക്ഷിപ്പനി തുടങ്ങിയ സുപ്രധാന രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു.

# അറിയിപ്പുകൾ

## കൃഷി വകുപ്പ് പച്ചത്തേങ്ങ സംഭരിക്കുന്നു

കേരളത്തിൽ പച്ചത്തേങ്ങയുടെ കമ്പോള വില നിലവാരം ചിലയിടങ്ങളിൽ ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ കിലോക്ക് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് പ്രഖ്യാപിച്ചു. തിരുവനന്തപുരം, കോട്ടയം, പൊന്നാനി എന്നിവിടങ്ങളിൽ പച്ചത്തേങ്ങയുടെ വില ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ കൃഷി വകുപ്പ് മന്ത്രി അടിയന്തിരമായി വിളിച്ച് ചേർത്ത കാർഷികോല്പാദന കമ്മീഷണർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, പ്രൈസസ് ബോർഡ്, നാഫെഡ്, കേരഫെഡ്, നാളികേരവികസന കോർപ്പറേഷൻ എന്നിവരുടെ ഉന്നത തല യോഗത്തിലാണ് ആദ്യഘട്ട സംഭരണം ആരംഭിക്കുവാൻ തീരുമാനമായത്.

## ഹോർട്ടികൾച്ചർ മിഷൻ - തിരുവനന്തപുരം ജില്ലയിൽ പുതിയ പദ്ധതികൾ

ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**1. ജലസംഭരണികളുടെ നിർമ്മാണം**

ജലസേചനത്തിനായി സാമൂഹികാടിസ്ഥാനത്തിൽ ജലസംഭരണികൾ/ കുളങ്ങൾ/ പ്ലാസ്റ്റിക് ലൈനിങ്ങോടുകൂടിയ റിസർവോയറുകൾ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകും. സ്വകാര്യ സംരംഭകർ, കർഷകർ എന്നിവർക്ക് 20*20*3 മീറ്റർ വലിപ്പത്തിലുള്ള ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 75,000/- രൂപ ധനസഹായം നൽകും. രജിസ്റ്റേർഡ് എൻജിനീയറുടേയോ എൽ എസ് ജി ഡി എൻജിനീയറുടേയോ വാല്യൂവേഷൻ സമർപ്പിയ്ക്കണം.

**2. പുതിയ തോട്ടങ്ങളുടെ സ്ഥാപനം**

മാവ്, പ്ലാവ്, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാഗോസ്റ്റീൻ, കുടംപുളി, ഞാവൽ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിന് ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 18,000/- രൂപ ധനസഹായം നൽകുന്നു.

**3. സെൽഫ് പ്രൊപ്പൽഡ് ഹോർട്ടികൾച്ചർ യന്ത്രങ്ങൾ**

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൂണിങ്ങ്, ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ഷിയറിങ്ങ് എന്നിവയ്ക്കായുള്ള വീഡ് കട്ടർ, ബ്രഷ് കട്ടർ മുതലായവയ്ക്ക് ധനസഹായം നൽകുന്നതിന് എസ്.സി/ എസ്.റ്റി ചെറുകിട നാമമാത്ര കർഷകർ സ്ത്രീ കർഷകർ എന്നിവർക്ക് വീഡ്കട്ടർ, ബ്രഷ് കട്ടർ വാങ്ങുന്നതിന് സബ്സിഡി 50% നിജപ്പെടുത്തി 1,25,000 രൂപ വരെ ധനസഹായം നൽകുന്നു.

## കാർഷികയന്ത്രവൽക്കരണ ഉപപദ്ധതി

കാർഷിക യന്ത്രങ്ങൾക്ക് 40 മുതൽ 80 ശതമാനം വരെ സബ്സിഡി നൽകി യന്ത്രവൽകൃത കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) യിൽ ജൂലൈ ഒന്നു മുതൽ ഓൺലൈനായി അപേക്ഷിക്കാം. https://agrimachinery.nic.in/index എന്ന വെബ്സൈറ്റിൽ കൂടി ഇതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനയുണ്ട്. കൂടുതൽ വിവരങ്ങൾക്കായി 8075251014, 9895440373, 9383471799 എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

## അനെർട്ട് അപേക്ഷ ക്ഷണിച്ചു

കാർഷിക പമ്പുകൾ സോളാറിലേക്കു മാറ്റുന്നതിന് അനെർട്ട് അപേക്ഷ ക്ഷണിച്ചു. അനെർട്ടും കെ.എസ്.ബി.യും കൃഷി വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒന്നു മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള കാർഷിക കണക്ഷനിൽ ഉൾപ്പെട്ട പമ്പുകൾക്കാണ് അനുകൂല്യം ലഭിക്കുന്നത്. www.anert.gov.in അനെർട്ട് വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ 1800 425 1803 ടോൾ ഫ്രീ നമ്പറിലും അനെർട്ട് ജില്ലാ കാര്യാലയത്തിലും പ്രദേശത്തെ കൃഷി ഓഫീസിലും ലഭിക്കും.

## കർഷക അവാർഡിന് അപേക്ഷ നൽകുവാനുള്ള തീയതി ദീർഘിപ്പിച്ചു

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാനതല കർഷക അവാർഡിനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ ലഭിയ്ക്കേണ്ട അവസാന തീയതി 31- 07- 2021 വരെ ദീർഘിപ്പിച്ചു. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

# തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസറുടെ അറിയിപ്പ്

1) ജലസേചനത്തിനായി സാമൂഹ്യാടിസ്ഥാനത്തിൽ ജല സംഭരണികൾ/ കുളങ്ങൾ/പ്ലാസ്റ്റിക് ലൈനിങ്ങോടുകൂടിയ റിസർവോയറുകൾ എന്നിവ നിർമ്മിക്കുന്നതിന് MIDH -2021-22 പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു. സ്വകാര്യ സംരംഭകർ, കർഷകർ, എന്നിവർക്ക് ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ രജിസ്റ്റേർഡ് എഞ്ചിനീയറുടെയോ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെയോ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ ധനസഹായം നൽകുന്നതാണ്.
2) മാവ്, പ്ലാവ്, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മംഗോസ്റ്റിൻ, കുടംപുളി, ഞാവൽ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിന് ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 18000/- രൂപ എം.ഐ.ഡി.എച്ച്. (MIDH) പദ്ധതി പ്രകാരം സബ്സിഡി നൽകുന്നതാണ്.
3) വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൂണിംഗ്, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഷിയറിംഗ് എന്നിവയ്ക്കായുള്ള ഉപകരണങ്ങൾ, വീഡ് കട്ടർ, ബ്രഷ് കട്ടർ മുതലയാവയ്ക്ക് ധനസഹായം നൽകുന്നു. എസ്.സി/എസ്.റ്റി ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ എന്നിവർക്ക് വീഡ്കട്ടർ, ബ്രഷ്കട്ടർ വാങ്ങുന്നതിന് സബ്സിഡി 50% നിജപ്പെടുത്തി 1,25000/- രൂപ വരെ MIDH -2021-22 പദ്ധതി പ്രകാരം നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള  കൃഷിഭവനുമായി ബന്ധപ്പെടുക.

# ആരോഗ്യ പ്രത്യുല്പാദന പരിരക്ഷ പശുക്കളിൽ

രാഷ്ട്രീയ കൃഷിവികാസ് യോജനയുടെ ഭാഗമായി മണ്ണുത്തി യൂണിവേഴ്സിറ്റി മൃഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന 'ചെറുകിട നാമമാത്ര ഫാമുകളിലെ ആരോഗ്യ പ്രത്യുല്പാദന പരിരക്ഷ പശുക്കളിൽ' എന്ന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിദഗ്ധ വെറ്ററിനറി ഡോക്ടർമാർ ഫാമുകളിൽ എത്തി പശുക്കളുടെ പരിശോധന നടത്തിയ ശേഷം വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതാണ്. താല്പര്യമുള്ള കർഷകർ ഇനിപ്പറയുന്ന ഫോൺ നമ്പരുകളിൽ ഡോ. അജിത്കുമാർ എസ്. 9400322511, ഡോ. ഉഷ നാരായണപിള്ള-9847803271 എന്നിവരെ ബന്ധപ്പെടാവുന്നതാണ്.

# പച്ചക്കറി തൈകൾ വിൽപ്പനയ്ക്ക്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ഉജ്ജ്വല, അനുഗ്രഹ എന്നീ ഇനത്തിൽ പെട്ട മുളക് തൈകളും, ഹരിത, സൂര്യ ഇനത്തിൽ പെട്ട വഴുതന തൈകളും , ആർക്ക, അനാമിക ഇനത്തിൽപ്പെട്ട വെണ്ടത്തൈകളും, ഭാഗ്യലക്ഷ്മി ഇനത്തിൽ പെട്ട പയർ, അക്ഷയ, അനഘ ഇനത്തിൽപ്പെട്ട തക്കാളിത്തൈകളും വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വില്പന സമയം രാവിലെ 9 മണി മുതൽ 4 മണിവരെ.

# കശുമാവ് തൈകൾ ലഭിക്കാൻ രജിസ്റ്റർ ചെയ്യാം

കർഷകർക്കും മറ്റ് സ്ഥാപനങ്ങൾക്കും കശുമാവ് തൈകൾ ലഭ്യമാക്കുവാൻ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) ഓൺലൈൻ വഴി രജിസ്ട്രേഷൻ ആരംഭിച്ചു. ഇതിനായി കർഷകർക്ക് www.kasumavukrishi.org എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് രജിസ്ട്രേഷൻ നടത്താം. അല്ലെങ്കിൽ അപേക്ഷ ഫോറം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് / ബന്ധപ്പെട്ട ജില്ലാ ഫീൽഡ് ഓഫീസറിൽ നിന്ന് സ്വീകരിച്ച് പൂരിപ്പിച്ച് അയക്കാം. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 31 വരെ സ്വീകരിക്കും. അപേക്ഷ അയക്കേണ്ട മേൽ വിലാസം ചെയർമാൻ, കെ.എസ്.എ.സി.സി, അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം-691001. ഫോൺ: 0474-2760456, കോ-ഓർഡിനേറ്റർ (സൗത്ത്)-9496046000, കോ-ഓർഡിനേറ്റർ (നോർത്ത്)- 9496047000.

# കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിന് അവസരം

വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ ഉണ്ടാക്കുക ലക്ഷ്യമിട്ടു കൊണ്ട് കൃഷിവകുപ്പ് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിന് അവസരം ഒരുക്കുന്നു. താല്പര്യമുള്ള യുവതീയുവാക്കൾക്ക് ഈ മാസം 24 വരെ  www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനിലൂടെ അപേക്ഷിക്കാം. ജൂലൈ 26 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

# മധു കാന്തി പോർട്ടൽ

ശാസ്ത്രീയ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ശുദ്ധമായ തേനിന്റെയും അനുബന്ധ ഉത്പന്നങ്ങളുടെയും ലഭ്യതയും വിപണനവും ലക്ഷ്യമാക്കി മധു കാന്തി എന്ന പോർട്ടൽ നിലവിൽ വന്നിരിക്കുന്നു. തേനീച്ച കർഷകരും കർഷക സംഘങ്ങളും ഈ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വെബ് സൈറ്റുകൾ www.allbankcare.in , www.nbb.gov.in. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക.

## WCT തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക്

കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ WCT തെങ്ങിൻ തൈകൾ തൈ ഒന്നിന് നൂറ് രൂപ നിരക്കിൽ വിൽപ്പനയ്ക്ക് സജ്ജമായിട്ടുള്ളതായി കുത്താളി ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496 2662264 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കോഴിക്കോട് കാർഷിക വിജ്ഞാന - വിപണന കേന്ദ്രം വേങ്ങേരിയിൽ പ്രവർത്തനം ആരംഭിച്ചു

കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന-വിപണന കേന്ദ്രം കോഴിക്കോട് അഗ്രിക്കൾച്ചറൽ അർബൻ ഹോൾസയിൽ മാർക്കറ്റ് കോംപ്ലക്സ്, വേങ്ങേരിയിൽ പ്രവർത്തനം ആരംഭിച്ചു. കാർഷിക സാങ്കേതിക ഉപദേശങ്ങൾക്കും, പരിശീലനങ്ങൾക്കും, കാർഷിക സർവകലാശാല ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും കാർഷിക വിജ്ഞാന വിപണന കേന്ദ്രം, വേങ്ങേരി സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ ഇനി പറയുന്നു:- 9895964918, വാട്സാപ്പ് നമ്പർ-8468990086

## വിളപരിപാലന നിർദ്ദേശങ്ങൾ

നെല്ലിൽ ചിനപ്പ് പൊട്ടുന്ന പരുവത്തിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതിരിക്കാൻ 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിയ്ക്കാവുന്നതാണ്.

മഴക്കാലത്ത് തടം തുറന്ന് ഓരോ വലിയതെങ്ങിനും 25 മുതൽ 50 കിലോഗ്രാം ജൈവവളം ഇട്ടുകൊടുക്കുക

# മിൽമ പാൽ പുതിയ പായ്ക്കറ്റിൽ

## 'മിൽമ ഹോമോജിനൈസ്ഡ് ടോൺഡ്പാൽ 525 മില്ലി'

മിൽമയുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയൻ പുറത്തിറക്കുന്ന 'ഹോമോജിനൈസ്ഡ് ടോൺഡ്പാൽ 525 മില്ലി' പുതിയ പായ്ക്കറ്റിന്റെ വിതരണോദ്ഘാടനം സംസ്ഥാന മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി സംസ്ഥാന ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ കൂടിയ ചടങ്ങിൽ ഇന്ന് രാവിലെ 11.30 മണിക്ക് നിർവഹിച്ചു. നിലവിൽ ലഭ്യമായ മിൽമ ഹോമോജിനൈസ്ഡ് ടോൺഡ് മിൽക്കിന്റെ പായ്ക്കറ്റിൽ നിന്നും വ്യത്യസ്തമായി 25/- രൂപ നിരക്കിൽ 525 മില്ലി പാൽ ഉൾക്കൊള്ളുന്ന പുതിയ പായ്ക്ക് ആഗസ്റ്റ് മാസം ഒന്നോടെ വിപണിയിൽ ലഭ്യമാകും. മിൽമ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനായി കൂടുതൽ കെ.എസ്.ആർ.ടി.സി ബസുകൾ മിൽമയ്ക്ക് വിട്ടു നൽകുമെന്ന് ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു.പാലുൽപാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നത് അതിവിദൂരമല്ലെന്ന്




ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഒരു ലിറ്റർ പാലിന് 26 രൂപ നൽകി സംഭരിക്കുമ്പോൾ മിൽമ 36 രൂപ നൽകിയാണ് സംഭരിക്കുന്നതെന്നും മന്ത്രി ചൂണ്ടിക്കാട്ടി. കെ.എസ്.ആർ.ടിയും മിൽമയും സംയുക്തമായി തുടക്കം കുറിച്ച 'ഷോപ്പ് ഓൺ വീൽ' എന്ന സംരംഭം കൂടുതൽ വിപുലമാക്കി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിയ്ക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. കാലിത്തീറ്റയുണ്ടാക്കുവാനാവശ്യമായ ഘടകങ്ങൾ കേരളത്തിൽ തന്നെ കർഷകരെ കൊണ്ട് ഉത്പാദിപ്പിക്കുന്നതിനുള്ള ചർച്ചകൾ തുടങ്ങിക്കഴിഞ്ഞതായും മന്ത്രി അറിയിച്ചു.

മിൽമ തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ എൻ. ഭാസുരാംഗൻ, അംഗങ്ങളായ വി.എസ്. പത്മകുമാർ, കെ.ആർ. മോഹനൻ പിള്ള, ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയറക്ടർ സി. സുജയകുമാർ, മാനേജിംഗ് ഡയറക്ടർ ആർ. സുരേഷ് കുമാർ എന്നിവർ പങ്കെടുത്തു. പാഴാക്കികളയാതെ മിൽമകവറുകൾ ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റി സോഷ്യൽ മീഡിയാ താരമായി മാറിയ ലീലാമ്മ മാത്യുവിനെ ചടങ്ങിൽ ആദരിച്ചു.

# പാൽ വില വർദ്ധിപ്പിക്കില്ല: ഉല്പാദന ചിലവ് കുറക്കും; മന്ത്രി ജെ. ചിഞ്ചു റാണി

പാൽ വില ഉടൻ വർദ്ധിപ്പിക്കില്ല. ക്ഷീരകർഷകരെ സഹായിക്കാൻ വിവിധ പദ്ധതികൾ നടപ്പാക്കമെന്ന് മന്ത്രി ജെ.ചിഞ്ചു റാണി.

ദേശീയ ക്ഷീര വികസന പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെ മിൽമ മുഖേന 8.5 ലക്ഷം രൂപ മുതൽ മുടക്കിൽ സ്ഥാപിച്ച തെനേരി ക്ഷീര സംഘത്തിൽ സൗരോർജ്ജ പ്ലാന്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന മന്ത്രി. വളർത്തു മൃഗങ്ങളിലെ അസുഖങ്ങൾ പ്രതിരോധിക്കാൻ പരമാവധി ഗവേഷണഫലങ്ങൾ പ്രയോജനപ്പെടുത്തണം.

പാലുൽപ്പാദനത്തിൽ കേരളം സ്വയം പര്യാപ്തതയിലേക്ക് എത്താൻ ചെറിയ ദൂരം മാത്രമെ ഇനിയുള്ളൂവെന്ന് മന്ത്രി പറഞ്ഞു. സബ്സിഡി നിരക്കിൽ കലി തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. പാലിന്റെ വില വർദ്ധിപ്പിക്കില്ല - ഉല്പാദന ചിലവ് കുറക്കാനാണ് ശ്രമിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ക്ഷീര സംഘം ഹാളിൽ നടന്ന




ചടങ്ങിൽ അഡ്വ. ടി. സിദ്ദിഖ് എം.എൽ.എ അധ്യക്ഷത വഹിച്ചു. മുഖ്യ പ്രഭാഷണവും ക്ഷീര കാരുണ്യഹസ്തം ധനസഹായ വിതരണവും മലബാർ മേഖല യൂണിയൻ ചെയർമാൻ കെ.എസ് മണി നിർവഹിച്ചു. . ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സംഷാദ് മരക്കാർ , മലബാർ മേഖല യൂണിയൻ മാനേജിംഗ് ഡയറക്ടർ ഡോ. പി .മുരളി , തെനേരി ക്ഷീര സംഘം പ്രസിഡണ്ട് പി.ടി ഗോപാലകുറുപ്പ് , ക്ഷീര വികസന വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ കെ. ഉഷാദേവി, തെനേരി ക്ഷീര സംഘം സെക്രട്ടറി കെ .ജി .എൽദോ, വിജയൻ ചെറുകര, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കോവിഡ് ബാധിത ക്ഷീര കർഷകർക്കുള്ള മിൽമ കിറ്റ് വിതരണവും നടത്തി. കൂടുതൽ പാൽ അളന്ന ക്ഷീര കർഷകരെ ചടങ്ങിൽ ആദരിച്ചു.

# മിൽമ പരമാവധി പാൽ സംഭരിക്കും മന്ത്രി ജെ. ചിഞ്ചു റാണി

മിൽമ ക്ഷീര കർഷകരിൽ നിന്നും പരമാവധി പാൽ നേരിട്ട് സംഭരിക്കുമെന്ന് മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി. സംഭരിക്കുന്ന അധികം വരുന്ന പാൽ വിവിധ മൂല്യവർധിത ഉത്പന്നങ്ങൾ ആക്കി മാറ്റി വിപണി സാധ്യത വർധിപ്പിക്കുമെന്നും , രുചികരമായ മിൽമയുടെ ഒട്ടനവധി പാൽ ഉത്പന്നങ്ങൾ അന്താരാഷ്ട്ര ഗുണനിലവാരം ഉള്ളതും കയറ്റുമതി സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം എന്നും മന്ത്രി അഭിപ്രായപ്പെട്ടു. കല്പറ്റയില്ലുള്ള വയനാട് ഡെയറി ഓഡിറ്റോറിയത്തിൽ വച്ച് മിൽമ മലബാർ യൂണിയൻ ചെയർമാൻ ശ്രീ കെ എസ് മണിയുടെ



അധ്യക്ഷധയിൽ വയനാട് മലയോര ഡയറി-സർട്ടിഫിക്കറ്റ് കൈമാറ്റ ചടങ്ങ് ഉൽഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്ന മന്ത്രി ജെ .ചിഞ്ചുറാണി. ഊർജ്ജ സംരക്ഷണ രംഗത്തെ മികവിനും മാതൃകാപരമായ പ്രവർത്തനങ്ങൾക്കും വയനാട്ടിലെ മലയോര ഡയറിക്ക് ലഭിച്ച അംഗീകാരമാണ് ഇത് എന്ന മന്ത്രി അഭിപ്രായപ്പെട്ടു.

# മൃഗസംരക്ഷണ മേഖലയിലെ സ്വയം പര്യാപ്തതക്ക് പുത്തൻ ജനുസ്സുകൾ അനിവാര്യം : മന്ത്രി ചിഞ്ചുറാണി

കൃ സംസ്ഥാനത്തിന്റെ കാലാവസ്ഥക്ക് അനുയോജ്യമായതും, ഉത്പാദനക്ഷമതയുള്ളതുമായ കന്നുകാലി, ഇറച്ചിക്കോഴി ജനുസ്സുകളെ ഉരുത്തിരിച്ചെടുക്കുന്ന ഗവേഷണങ്ങൾക്ക് വെറ്ററിനറി സർവ്വകലാശാല മുന്നിട്ടിറങ്ങണമെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി. അതോടൊപ്പം തന്നെ വളരെപ്പെട്ടെന്ന് രോഗനിർണ്ണയം നടത്താനുതകുന്ന കിറ്റുകൾ വികസിപ്പിച്ചെടുക്കുന്നതിനും, മൃഗസംരക്ഷണ മേഖലയിലെ സ്വയം പര്യാപ്തത ഉറപ്പു വരുത്തുന്നതുമായ വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കണമെന്നും മന്ത്രി സർവ്വകലാശാലാ സമൂഹത്തോട് നിർദ്ദേശിച്ചു.



ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ട്രൈബൽ ഉപ-പദ്ധതിയുടെ ഭാഗമായി തിരുനെല്ലി പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട കാട്ടുനായ്ക്ക-പണിയ-അടിയ വിഭാഗങ്ങളിലെ യുവ സ്വാശ്രയ സംഘങ്ങൾക്കായി പോത്തുവളർത്തൽ സംരംഭം ആരംഭിക്കുന്നതിനായി പോത്തുകുട്ടികളുടെ വിതരണം മന്ത്രി ഉദ്ഘാടനം ചെയ്തു. അതോടൊപ്പം, ഗോത്ര വർഗ്ഗ യുവാക്കളുടെ ശാക്തീകരണവും, സാമ്പത്തിക സ്വയംപര്യാപ്തതയും, മൃഗസംരക്ഷണ മേഖലയിലെ തൊഴിൽ നൈപുണ്യവും ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ചിട്ടുള്ള സർവ്വകലാശാലാ ആസ്ഥാനത്തെ ഗോത്രാ മിഷൻ പദ്ധതിയും മന്ത്രി സന്ദർശിച്ചു.

കൽപ്പറ്റ എംഎൽഎ അഡ്വ. ടി. സിദ്ദിഖ്, വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വിജേഷ് എം. വി., കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീമതി ഉഷാകുമാരി, സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. എം. ആർ. ശശീന്ദ്രനാഥ്, രജിസ്ട്രാർ ഡോ. പി. സുധീർ ബാബു, സംരംഭകത്വ വിഭാഗം മേധാവി ഡോ എം. കെ. നാരായണൻ, മറ്റു സർവ്വകലാശാലാ അധികൃതർ എന്നിവർ മന്ത്രിയുമായി ചർച്ച നടത്തി.

# ഹൈടെക് പന്നിവളർത്തൽ കേന്ദ്രം

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ പൂർത്തീകരിച്ച കുന്നംകുളത്തെ ഹൈടെക് പന്നിവളർത്തൽ കേന്ദ്രം മന്ത്രി ജെ. ചിഞ്ചുറാണി ഈ മാസം 22 ന് ഓൺലൈൻ ആയി ഉത്ഘാടനം ചെയ്തു.





ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh